ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) ഭീകരരുടെ ഒളിത്താവളങ്ങൾ തകർത്ത്, ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാന് ഇന്ത്യ തക്ക മറുപടി നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi said that India has given a befitting reply to Pakistan by destroying terrorist's hideouts under the Operation Sindoor.**

2.) വടകരയും ചിറയിൻകീഴും ഉൾപ്പെടെ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി നവീകരിച്ച 103 റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു.

**The Prime Minister dedicated 103 redeveloped railway stations, including Vadakara and Chirayinkeezhu, to the nation as part of the Amrit Bharat Station Project.**

3.) ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകൾക്കായുള്ള ഇന്ത്യൻ സർവകക്ഷി സംഘം യു എ ഇ യിലേയും ജപ്പാനിലേയും പ്രതിനിധികളുമായി കൂടിക്കാഴ്ച്ച നടത്തി.

**A multi-party delegation for Diplomatic Engagement on Operation Sindoor met representatives in UAE and Japan.**

4.) സംസ്ഥാനത്ത് രണ്ടാം വർഷ ഹയർ സെക്കണ്ടറി, VHSE പരീക്ഷാഫലങ്ങൾ പ്രഖ്യാപിച്ചു; ഹയർസെക്കൻഡറിയിൽ 77.81 ശതമാനം വിജയം.

**The results of the second year Higher Secondary and VHSE examinations in the state were declared; 77.81 percent pass rate in Higher Secondary.**

5.) അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ കേരളത്തിൽ കാലവർഷം എത്തിച്ചേരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 26 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് നിർദ്ദേശം.

**The Central Meteorological Department said that monsoon is likely to arrive in Kerala with in the next three days; fishermen has been advised not to go to the coasts of Kerala, Karnataka and Lakshadweep till the 26th.**

6.) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - ലഖ്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം.

**Gujarat Titans – Lucknow Super Giants clash today in IPL cricket.**

@@@@@@@@@@@@@@@@@@@@

## DAY PM BIKANER (INTRO)

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരരുടെ ഒളിത്താവളങ്ങൾ തകർത്ത്, പാകിസ്ഥാന് ഇന്ത്യ തക്ക മറുപടി നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. നേരിട്ടുള്ള ഏറ്റുമുട്ടലിൽ ഇന്ത്യയോട് പാകിസ്ഥാന് ഒരിക്കലും വിജയിക്കാൻ കഴിയില്ലെന്നും ഇന്ത്യയിൽ നടത്തുന്ന ഓരോ ഭീകരാക്രമണത്തിനും പാകിസ്ഥാൻ കനത്ത വില നൽകേണ്ടിവരുമെന്നും പ്രധാനമന്ത്രി മുന്നറിയിപ്പ് നൽകി. രാജസ്ഥാനിലെ ബിക്കാനീറിൽ 26,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാകിസ്ഥാനുമായി വ്യാപാരമോ ചർച്ചയോ ഉണ്ടാകില്ലെന്ന് ആവർത്തിച്ച പ്രധാനമന്ത്രി ചർച്ചകൾ പാക് അധീന കശ്മീരിനെക്കുറിച്ച് മാത്രമായിരിക്കുമെന്നും വ്യക്തമാക്കി. ( പി എം വോയിസ് )

@@@@@@@@@@@@@@@@@@@@

## PM DEVELOPMENT PROJECTS

രാജസ്ഥാനിലെ ബിക്കാനീറിൽ റെയിൽവേ, റോഡ്, വൈദ്യുതി, ജലം, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിലെ വിവിധ വികസന പദ്ധതികളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാഷ്ട്രത്തിന് സമർപ്പിച്ചത്. ദേഷ്നോക്ക് അമൃത് സ്റ്റേഷൻ

ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി ബിക്കാനീർ-മുംബൈ എക്സ്പ്രസ് ട്രെയിനും ഫ്ലാഗ് ഓഫ് ചെയ്തു. 1100 കോടി രൂപ ചെലവിൽ 18 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി, പുനരുദ്ധരിച്ച 103 അമൃത് സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

@@@@@@@@@@@@@@@@@@@@@

## AMRUTH STATIONS KERALA

കേരളത്തിൽ, അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച വടകര, ചിറയിൻകീഴ് സ്റ്റേഷനുകളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. വടകര റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി. നാടിൻറെ വികസനത്തെ രാഷ്ട്രീയത്തിനും പ്രാദേശികതയ്ക്കും അതീതമായി പിന്തുണയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ നടന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. രാജ്യത്തിനായി സ്തുത്യർഹ സേവനമനുഷ്ഠിച്ച ധീര സൈനികരെ കേന്ദ്രസഹമന്ത്രി ചടങ്ങിൽ ആദരിച്ചു. വടകര റെയിൽവേ സ്റ്റേഷനിൽ 29.47 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളും, ചിറയിൻ കീഴ് റെയിൽവേ സ്റ്റേഷനിൽ 7 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളുമാണ് നടത്തിയത്. പുതുച്ചേരിയുടെ ഭാഗമായ മാഹി റെയിൽവെ സ്റ്റേഷനും, തിരുവനന്തപുരം ഡിവിഷൻറെ ഭാഗമായ കുഴിത്തുറൈ റെയിൽവേ സ്റ്റേഷനും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത അമൃത് ഭാരത് സ്റ്റേഷനുകളിൽ ഉൾപ്പെടുന്നു.

@@@@@@@@@@@@@@@@@@@@@

## INDIAN DELIGATION

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകൾക്കായി പുറപ്പെട്ട ആദ്യ സംഘങ്ങൾ യു എ ഇ യിലും ജപ്പാനിലും വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തി. ജെഡിയു എംപി സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിൽ ടോക്കിയോയിലെത്തിയ സർവകക്ഷി പ്രതിനിധി സംഘം തീവ്രവാദത്തിനെതിരെ സഹിഷ്ണുതയില്ലെന്ന രാജ്യത്തിൻറെ നിലപാട് ജപ്പാനെ അറിയിച്ചു. അഞ്ച് രാഷ്ട്രങ്ങളാണ് സംഘം സദർശിക്കുക. അതേസമയം, ശിവസേന എം പി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിൽ യു എ ഇ യിലെത്തിയ മറ്റൊരുസംഘം മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ

മുബാറക് അൽ നഹ്യാനുമായി അബുദാബിയിൽ കൂടിക്കാഴ്ചനടത്തി. എല്ലാ രൂപത്തിലുമുള്ള ഭീകരത ചെറുക്കുന്നതിൽ ഇരുരാജ്യങ്ങൾക്കുമുള്ള പ്രതിബദ്ധ ചർച്ചയിൽ ആവർത്തിച്ചുറപ്പിച്ചു. ഡിഎംകെ എംപി കനിമൊഴിയുടെ നേതൃത്വത്തിലുള്ള മൂന്നാമത്തെ സംഘം സ്പെയിൻ, ഗ്രീസ്, സ്ലോവേനിയ, ലാത്വിയ, റഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്നതിനായും യാത്രതിരിച്ചു.

@@@@@@@@@@@@@@@@@@@@@

## President

2025 ലെ ഡിഫൻസ് ഇൻവെസ്ച്വർ സെറിമണിയിൽ സൈനികർക്കുളള ഗാലൻററി പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു വിതരണം ചെയ്യുന്നു. ന്യൂഡൽയിലെ രാഷ്ട്പതി ഭവനിലാണ് ചടങ്ങ്

@@@@@@@@@@@@@@@@@@@@@

## MEA BRIEFING(intro)

ഇന്ത്യ-പാകിസ്ഥാൻ ഇടപെടലുകൾ എല്ലായ്പോഴും ഉഭയകക്ഷിപരമായിരിക്കുമെന്നും, ചർച്ചകളും ഭീകരതയും ഒന്നിച്ചുപോകില്ലെന്നും വിദേശകാര്യ മന്ത്രാലയം. അതിർത്തി കടന്ന് ഭീകരത നടത്തുന്നവരെ ലോകത്തിനു മുന്നിൽ തുറന്നുകാട്ടുന്നതിനാണ് സർവകക്ഷി പ്രതിനിധി സംഘങ്ങളെ വിദേശ രാജ്യങ്ങളിലേക്ക് അയച്ചതെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പാക്കിസ്ഥാനുമായുള്ള ഏതൊരു ഉഭകക്ഷി ചർച്ചയും പാക് അധിനിവേശ കശ്മീരിനെക്കുറിച്ച് മാത്രമായിരിക്കുമെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.
(ഹോൾഡ് വോയ്സ്)

@@@@@@@@@@@@@@@@@@@@@

## S Jaishankar- Ceasefire

ഓപ്പറേഷൻ സിന്ദൂരിനിടെ ഇന്ത്യയും പാകിസ്ഥാനും നേരിട്ട് ചർച്ച ചെയ്തതാണ് വെടിനിറുത്തൽ നടപ്പിലാക്കിയതെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഒരു നെതർലാൻഡ്സ് മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. തന്നെ, യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ, യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസും വിളിച്ചിരുന്നത് ശരിയാണെന്നും എന്നാൽ രണ്ട് രാജ്യങ്ങൾ തമ്മിലുള്ള സംഘർഷത്തിനിടയിൽ രാജ്യങ്ങൾ പരസ്പരം വിളിക്കുന്നത് സ്വാഭാവികമാണെന്നും അദ്ദേഹം പറഞ്ഞു.

@@@@@@@@@@@@@@@@@@@@@

## OP SINDOOR – GLOBAL

പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന്, പാകിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾക്കെതിരെ ഇന്ത്യ നടത്തിയ പ്രത്യാക്രമണം പൂർണ്ണമായും ന്യായീകരിക്കപ്പെടേണ്ടതാണെന്ന് യുഎസ് മുൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജോൺ ബോൾട്ടൺ. അതിർത്തിയിലെ ഭീകരവാദം നിയന്ത്രിക്കുന്നതിന്റെ ഉത്തരവാദിത്തം പാകിസ്ഥാൻ ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

@@@@@@@@@@@@@@@@@@@@@

## ENVIRONMENT-CAMPAIGN

പരിസ്ഥിതി സംരക്ഷണത്തിനായി സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. രാജ്യത്ത് പ്ലാസ്റ്റിക് മലിനീകരണം തടയാൻ സുസ്ഥിരമായ ജീവിതശൈലി സ്വീകരിക്കാൻ അദ്ദേഹം പൊതുജനങ്ങളോട് ആഹ്വാനം ചെയ്തു.

@@@@@@@@@@@@@@@@@@@@@

## J and K-ENCOUNTER

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിനിടെ ജവാന് വീരമൃത്യു. സിംഗ്പോര ചത്രോ വനമേഖലയിലാണ് ഏറ്റുമുട്ടലുണ്ടായത്. രഹസ്യവിവരത്തെ തുടർന്ന് പോലീസും സൈന്യവും സംയുക്തമായി നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ. പ്രദേശത്ത് വെടിവയ്പ്പ് തുടരുകയാണ്.

@@@@@@@@@@@@@@@@@@@@@

## PLUS TWO RESULT (INTRO)

രണ്ടാം വർഷ ഹയർ സെക്കൻഡറി, വി എച്ച് എസ് സി പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇത്തവണ 77.81 ആണ് വിജയ ശതമാനം. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 70.06 ആണ് വിജയശതമാനമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സേ പരീക്ഷ ജൂൺ 23 മുതൽ

27 വരെ നടക്കുമെന്നും മന്ത്രി അറിയിച്ചു. (ഹോൾഡ് വോയ്സ്..........)

@@@@@@@@@@@@@@@@@@@@

## WEATHER – KERALA

കേരളത്തിൽ കാലവർഷം അടുത്ത മൂന്ന് ദിവസത്തിനുള്ളിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും, തിരുവനന്തപുരം, കൊല്ലം ഒഴികെ 12 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. അറബിക്കടലിലെയും, ബംഗാൾ ഉൾക്കടലിലെയും ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങൾ വ്യാപക മഴ തുടരും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

@@@@@@@@@@@@@@@@@@@@

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് - ലഖ്നൗ സൂപ്പർ ജയൻറ്സ് പോരാട്ടം. ടോസ് നേടിയ ഗുജറാത്ത് ടൈറ്റൻസ് ബൗളിംഗ് തിരഞ്ഞെടുത്തു. അഹമ്മദാബാദിലാണ് മത്സരം.

@@@@@@@@@@@@@@@@@@@@

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും അറിയിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

@@@@@@@@@@@@@@@@@@@@

## Fishermen attacked

നാഗപട്ടണം കൊടിയക്കരൈയ്ക്ക് സമീപം മത്സ്യബന്ധനം നടത്തുകയായിരുന്നനാല് മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന ആക്രമിച്ചതായും ഡീസൽ ക്യാനുകൾ, ജിപിഎസ് ഉപകരണങ്ങൾ എന്നിവ പിടിച്ചെടുത്തതായും

മത്സ്യത്തൊഴിലാളികൾ ആരോപിച്ചു. ബോട്ടിൽ ഡീസൽ ഇല്ലാതെ കടലിൽ കുടുങ്ങിയ നാല്പേരെയും മറ്റ് ബോട്ടുകളിലെ മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെയാണ് കരയ്ക്കെത്തിച്ചത്.

@@@@@@@@@@@@@@@@@@@@@

**ENTE KERALAM**

സംസ്ഥാന സർക്കാറിൻറെ നാലാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനം നാളെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സമാപന ചടങ്ങിൽ സംസ്ഥാന സർക്കാറിൻറെ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കും. ആഘോഷങ്ങളുടെ ഭാഗമായി കനകക്കുന്നിൽ നടന്നുവരുന്ന പ്രദർശന വിപണന മേളയ്ക്കും നാളെ സമാപനമാകും.

@@@@@@@@@@@@@@@@@@@@@

**MISRI JAPAN MEETING**

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ജാപ്പനീസ് വിദേശകാര്യ ഉപമന്ത്രി തകെഹിരോ ഫനകോഷിയുമായി ടോക്ക്യോയിൽ കൂടിക്കാഴ്ച നടത്തി. ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ പോരാട്ടത്തെക്കുറിച്ച് വിക്രം മിസ്രി കൂടിക്കാഴ്ചയിൽ വിശദീകരിച്ചു.

@@@@@@@@@@@@@@@@@@@@@
@@@@@@@@@@@@@@@@@@@@@

@@@@@@@@@@@@@@@@@@@@@
@@@@@@@@@@@@@@@@@@@@@